പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.338 — 28.11.2018 ൽ മറുപടിയ്ക്ക്

## ഭിന്നശേഷി സൗഹൃദ സംസ്ഥാനം

ചോദ്യം — മറുപടി

ശ്രീ.കെ.ദാസൻ. — കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ഭിന്നശേഷി സൗഹൃദ സംസ്ഥാനമെന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് സമഗ്ര പാക്കേജ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഭിന്നശേഷി സൗഹൃദ സംസ്ഥാനമെന്ന ലക്ഷ്യം കൈവരിക്കുന്നതിനായി "ബാരിയർ ഫ്രീ കേരള" എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നു. കണ്ണൂർ ജില്ല ബാരിയർ ഫ്രീ ജില്ലയാക്കിക്കൊണ്ടുള്ള പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. മലപ്പുറം, വയനാട് ജില്ലകളിൽ പദ്ധതി നടപ്പിലാക്കി വരുന്നു. 'ആക്സസിബിൾ ഇന്ത്യ കാമ്പയിൻ' പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിലെ 28 സർക്കാർ കെട്ടിടങ്ങൾ ബാരിയർ ഫ്രീയാക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.<br>ഭിന്നശേഷി സൗഹൃദസംസ്ഥാനമെന്ന ലക്ഷ്യത്തോടെ 'അനുയാത്ര' എന്ന പേരിൽ ഒരു സമഗ്ര പദ്ധതി ആവിഷ്ക്കരിച്ച് കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പാക്കി വരുന്നു. കൂടാതെ ഓട്ടിസം ഉള്ള കുട്ടികൾക്കായി 'സ്പെക്ട്രം' എന്ന പേരിലുള്ള ഒരു സമഗ്രപദ്ധതിയും ആരംഭിച്ചിട്ടുണ്ട്. |
| (ബി) ബുദ്ധിപരമായ വെല്ലുവിളികൾ അഭിമുഖീകരിക്കുന്നവരുടെ ജീവിതാവശ്യങ്ങൾക്ക് പിന്തുണ നൽകുന്നതിന് സമഗ്രമായ പദ്ധതികൾ ആവിഷ്ക്കരിക്കുമോ;<br>(സി) ഇത് സംബന്ധിച്ച് പഠന റിപ്പോർട്ടുകളോ പ്രൊപ്പോസലുകളോ സർക്കാറിന് ലഭിച്ചിട്ടുണ്ടോ; കോപ്പി ലഭ്യമാക്കാമോ? | (ബി) & (സി) ബുദ്ധിപരമായ വെല്ലുവിളികൾ അഭിമുഖീകരിക്കുന്നവരുടെ ജീവിതാവശ്യങ്ങൾക്ക് പിന്തുണ നൽകുന്നതിന് പ്രത്യേകമായി സമഗ്ര പദ്ധതികൾ ഇപ്പോൾ ആവിഷ്കരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ